Janayugom 01.12.17

# കാർഷിക ഗവേഷണത്തിന് ഊന്നൽ നൽകണം: കെ പി രാജേന്ദ്രൻ

വെള്ളാനിക്കര(തൃശൂർ): കാർഷിക മേഖലയിൽ കൂടുതൽ ഗവേഷണ സ്ഥാപനങ്ങൾക്കും പദ്ധതികൾക്കും സർക്കാർ പദ്ധതിയിടണമെന്ന് എ ഐ ടി യു സി സംസ്ഥാന ജന.സെക്രട്ടറി കെ പി രാജേന്ദ്രൻ ആവശ്യപ്പെട്ടു.കേരള അഗ്രികൾച്ചറൽ യുണിവേഴ്സിറ്റി ടീച്ചേഴ്സ് അസോസിയേഷൻ 33-ാമത് വാർഷികസമ്മേളനത്തിൽ സംസരാരിക്കുകയായിരുന്നു അദ്ദേഹം.ഇടതുപക്ഷ സർക്കാരുകളാണ് എന്നും കാർഷിക ഗവേഷണ-വിജ്ഞാന മേഖലകളിലെ വികസനത്തിന് പ്രാധാന്യം നൽകുന്നത്. സി അച്യുതമേനോന്റെ കാലത്താണ് സംസ്ഥാനത്തെ ഗവേഷണ സ്ഥാപനങ്ങളധികവും സ്ഥാപിതമായത്. കൃഷിക്ക് പരമ



കേരള അഗ്രികൾച്ചറൽ യുണിവേഴ്സിറ്റി ടീച്ചേഴ്സ് അസോസിയേഷൻ 33-ാമത് വാർഷികസമ്മേളനത്തിൽ എഐടിയുസി സംസ്ഥാന ജന.സെക്രട്ടറി കെ പി രാജേന്ദ്രൻ സംസാരിക്കുന്നു

പ്രാധാന്യം നൽകുന്ന ഇടതുപക്ഷ സർക്കാർ കൂടുതൽ സ്ഥാനങ്ങൾക്ക് താത്പര്യം കാണിക്കണമെന്ന് അദ്ദേഹം പറഞ്ഞു. എ കെ ഷരീഫ് അധ്യക്ഷത വഹിച്ചു.

സർവ്വകലാശാലയിൽ വർഷങ്ങളായി ഒഴിഞ്ഞു കിടക്കുന്ന 400 ലധികം അധ്യാപക തസ്തികകളിൽ അടിയന്തരമായും സുതാര്യമായും നിയമനം നടത്തണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. സർവ്വകലാശാലയുടെ പ്രവർത്തനം സുഗമമാക്കുവാൻ ഭരണതലത്തിലുള്ള ഒഴിവുകൾ കാര്യക്ഷമതയുടെയും കഴിവിന്റേയും അടിസ്ഥാനത്തിൽ നികത്തണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

വെള്ളാനിക്കര ഹോർട്ടികൾച്ചറൽ കോളേജിൽ നടന്ന സമ്മേളനം രാവിലെ കോളേജ് എക്സിക്യൂട്ടീവ് കമ്മറ്റി അംഗം അഡ്വ. കെ രാജൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. കെ അരവിന്ദാക്ഷൻ, പി ഇന്ദിര ദേവി, സി ആർ എൽസി, ഡി ഗിരിജ, ഹസീന ഭാസ്കർ എന്നിവർ വിഷയം അവതരിപ്പിച്ച് ചർച്ച നടത്തി.